(സി)

വർഷം	പിൻവലിച്ച തുക (ലക്ഷത്തിൽ)
2011-12	1576
2012-13	450
2013-14	550
2014-15	1400

കേരളത്തിൽ പാലിന്റെ ഉപഭോഗവും ഇറക്കുമതിയും

195 (3402) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

സംസ്ഥാനത്ത് പാലിന്റെ ആകെ ഉപഭോഗം കണക്കാക്കിയിട്ടുണ്ടോ; ഏറ്റവും അധികം പാൽ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന സാഹചര്യം ഒഴിവാക്കാൻ മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ പ്രകാരം 2014-15 വർഷത്തിൽ കേരളത്തിലെ പാലിന്റെ ആകെ ഉപഭോഗം 2899.22 ആയിരം ടൺ ആണ്. ഏറ്റവും അധികം പാൽ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന സാഹചര്യം ഒഴിവാക്കാൻ കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി പദ്ധതി എന്നിവ വഴി കേരളത്തിൽ ജനിക്കുന്ന പശുക്കുട്ടികളെ ഉൽപ്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിന് സാധിക്കുന്നു. കൂടാതെ കൃത്രിമ ബീജദാന സൗകര്യം നൽകുക വഴി സംസ്ഥാനത്തെ 95% പശുക്കളെയും സങ്കരവർഗ്ഗമാക്കി മാറ്റുവാൻ കഴിഞ്ഞു. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഫാമുകൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവ വഴി കർഷകർക്ക് ശാസ്ത്രീയമായി കന്നുകാലി പരിചരണത്തിൽ പരിശീലനവും നൽകിവരുന്നു. കന്നുകാലികളെ വന്ധ്യത പരിഹരിച്ച് പൂർണ്ണ ഉൽപ്പാദനക്ഷമത ലക്ഷ്യമിട്ട് വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ദേശീയ സാമ്പത്തിക പ്രാധാന്യമുള്ള കാലി രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ, ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ട് വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ, മികച്ചയിനം സാന്ദ്രീകൃത കാലിത്തീറ്റയുടെ ലഭ്യത ഉറപ്പ് വരുത്താൻ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സിന് കീഴിൽ പുതിയ കാലിത്തീറ്റ ഫാക്ടറികൾ തുടങ്ങിയ പദ്ധതികളും സംസ്ഥാനത്തിന്റെ പാലുൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly